പോലീസ് വകുപ്പ്

കേരളം

**No.M5-154363/2021/PHQ**


പോലീസ് ഹെഡ്ക്വാട്ടേർസ്,

തിരുവനന്തപുരം

phq.pol@kerala.gov.in

04712721547


തീയതി. 17-10-2021

**സർക്കുലർ. 11/2021/പി എച്ച് ക്യൂ**

വിഷയം : പോലീസ് വെൽഫയർ ബ്യൂറോയിൽ നിന്നും അടിയന്തര ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കുന്നത്-മാർഗനിർദേശങ്ങൾ-പുറപ്പെടുവിക്കുന്നു.

സൂചന : 16.07.2021ൽ നടന്ന സ്റ്റേറ്റ് പോലീസ് വെൽഫയർ ബ്യൂറോ യോഗത്തിൻറെ മിനിട്സ് (M5-107503/2021/PHQ തീയതി 30-07-2021)

സ്റ്റേറ്റ് പോലീസ് വെൽഫയർ ബ്യൂറോയുടെ 16.07.2021ൽ നടന്ന യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് പോലീസ് വെൽഫയർ ബ്യൂറോയിൽ നിന്നും അടിയന്തര ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന മാർഗനിർദേശങ്ങൾ ഇതിനാൽ പുറപ്പെടുവിക്കുന്നു.

**അപേക്ഷകർ പാലിക്കേണ്ടുന്ന നിബന്ധനകൾ**

അപേക്ഷകന്റെ സ്വന്തം ചികിത്സയ്ക്ക് മാത്രമേ അടിയന്തര ചികിത്സാ ധനസഹായ സംവിധാനം ഉപയോഗിക്കാൻ പാടുള്ളൂ.

1. ആശുപത്രിവാസത്തിനു മാത്രമാണ് അടിയന്തര ചികിത്സാ ധനസഹായത്തിന് അർഹത.
2. അടിയന്തര ചികിത്സാ ധനസഹായ സംവിധാനം താഴെ പറയുന്ന ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.
    i. ഔദ്യോഗിക കൃത്യനിർവഹണത്തിനിടയ്ക്ക് സംഭവിക്കുന്ന അപകടങ്ങളെ തുടർന്നുള്ള ചികിത്സ.
    ii. ഗുരുതരമായ അസുഖങ്ങളുടെ ചികിത്സ.
    iii. ഗുരുതരമായ അപകടങ്ങളെ തുടർന്നുള്ള ചികിത്സ.
3. അടിയന്തര ആശുപത്രിവാസം വേണ്ടിവരുന്ന അവസരങ്ങളിൽ ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ആകുന്നതിനു മുൻപ് തന്നെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.
4. ക്യാഷ്-ലെസ്സ് ചികിത്സ/ഹെൽത്ത് ഇൻഷ്വറൻസ് സൗകര്യം ലഭ്യമാകാൻ സാധ്യതയുള്ള വ്യക്തികൾ അടിയന്തര ചികിത്സാ ധനസഹായ സംവിധാനം ദുരുപയോഗം ചെയ്യാൻ പാടില്ല.
5. യൂണിറ്റ് മേധാവി മുഖാന്തിരം മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളൂ.
6. അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ താഴെ പറയുന്ന രേഖകൾ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.
    i. അപേക്ഷകന്റെ ആവശ്യം വ്യക്തമാക്കുന്ന വെള്ള പേപ്പറിൽ തയാറാക്കിയ വിശദമായ അപേക്ഷ.
    ii. പൂർണമായി പൂരിപ്പിച്ച പോലീസ് വെൽഫയർ ബ്യൂറോയുടെ അപേക്ഷാ ഫോറം.
    iii. ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് (സാലറി അക്കൗണ്ട്).
    iv. ചികിത്സാ രേഖകളുടെ പകർപ്പ്.
    v. നിലവിൽ ആശുപത്രിയിൽ അഡ്മിറ്റ് ആണ് എന്ന് തെളിയിക്കുന്ന രേഖ.

vi. ബില്ലുകൾ (ലഭ്യമായവ എങ്കിലും)

vii. അടിയന്തര ചികിത്സയ്ക്ക് ആവശ്യമാകുന്ന തുകയുടെ എസ്റ്റിമേറ്റ് (ബന്ധപ്പെട്ട ഡോക്ടർ നൽകുന്നത്)

**യൂണിറ്റ് മേധാവികൾ പാലിക്കേണ്ടുന്ന നിബന്ധനകൾ**

1. അപേക്ഷകൻ വെൽഫയർ ഫണ്ടിന്റെ വരിക്കാരൻ ആണ് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
2. അപേക്ഷകന്റെ ആവശ്യത്തിന്റെ നിജസ്ഥിതി, അടിയന്തര സ്വഭാവം എന്നിവ യൂണിറ്റ് മേധാവി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
3. അപേക്ഷയോടൊപ്പം എല്ലാ അവശ്യ രേഖകളും ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
4. അപേക്ഷ യൂണിറ്റിൽ ലഭിച്ച 24 മണിക്കൂറിനുള്ളിൽതന്നെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് യൂണിറ്റ് മേധാവിയുടെ അഭിപ്രായ കുറിപ്പ് സഹിതം പോലീസ് ആസ്ഥാനത്തേക്ക് അയക്കേണ്ടതാണ്.
5. അടിയന്തര സ്വഭാവം ഉള്ള പരിഗണനാ യോഗ്യമായ അപേക്ഷകൾ മാത്രം പോലീസ് ആസ്ഥാനത്തേക്ക് അയക്കേണ്ടതുള്ളൂ.
6. അടിയന്തര സ്വഭാവം ഇല്ലാത്ത അപേക്ഷകളിൽ നിലവിൽ തുടർന്ന് വരുന്ന രീതി തന്നെ അവലംബിക്കേണ്ടതാണ്. (സ്പെഷ്യൽ ബ്രാഞ്ച് അന്വേഷണം, ജില്ലാ / യൂണിറ്റ് വെൽഫയർ ബ്യൂറോ കമ്മറ്റി തുടങ്ങിയവ)

**പോലീസ് ആസ്ഥാനത്ത് പാലിക്കേണ്ടുന്ന നിബന്ധനകൾ**

പോലീസ് ആസ്ഥാനത്ത് ലഭിക്കുന്ന അപേക്ഷയും അനുബന്ധ രേഖകളും പോലീസ് വെൽഫയർ ബ്യൂറോയുടെ സെക്ഷൻ പരിശോധിച്ച് അപേക്ഷകന് പോലീസ് വെൽഫയർ ബ്യൂറോയിൽ നിന്നും ഇതിനു മുൻപ് ഏതെങ്കിലും വിധത്തിൽ ഉള്ള ധനസഹായം ലഭിച്ചിട്ടുണ്ടോ എന്നുള്ള വിവരവും അഭിപ്രായ കുറിപ്പും സഹിതം സംസ്ഥാന പോലീസ് മേധാവിക്ക്/ചെയർമാൻ പോലീസ് വെൽഫയർ ബ്യൂറോയ്ക്ക് സമർപ്പിക്കേണ്ടതാണ്.

മേൽ നിർദേശം എല്ലാ പോലീസ് ഉദ്യോഗസ്ഥരെയും രേഖാമൂലം അറിയിക്കുന്നതിനും കൃത്യമായി പാലിക്കുന്നതിനുള്ള നിർദേശം നൽകുന്നതിനും അതാത് യൂണിറ്റ് മേധാവിമാർ നടപടി സ്വീകരിക്കേണ്ടതാണ്.

മനോജ് എബ്രഹാം ഐപിഎസ്

അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്

സ്വീകർത്താവ്: എല്ലാ യൂണിറ്റ് മേധാവികൾക്കും.

പോലീസ് ആസ്ഥാനത്തെ എല്ലാ ഓഫീസർമാർക്കും.

പകർപ്പ് : സ്റ്റേറ്റ് പോലീസ് വെൽഫയർ ബ്യൂറോയുടെ ചെയർമാൻ, സെക്രട്ടറി, മറ്റ് അംഗങ്ങൾ എന്നിവരുടെ അറിവിലേക്കായി.

എസ്.പി.സി./എ.ഡി.ജി.പി.(എച്ച്.ക്യു.)/എ.ഐ.ജി.എന്നിവരുടെ സി.എ.മാരുടെ അറിവിലേക്കായി